"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 17-07-2020

**സർക്കുലർ നം 62**

2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 811 പ്രകാരം ജാമ്യാപേക്ഷ നൽകുന്നതിനോ അപ്പീൽ തയ്യാറാക്കുന്നതിനോ ആയുള്ള ഉദ്ദേശത്തോടുകൂടിയോ തടവുകാരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനോ മറ്റ് കുടുംബകാര്യങ്ങൾ ക്രമീകരിക്കുന്നതിനോ സഹായകമാകുന്നതിനു വേണ്ടിയോ സുഹൃത്തുക്കൾ, ബന്ധുക്കൾ, നിയമോപദേശകർ എന്നിവരുമായി ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യമോ, സൂപ്രണ്ടിന് അനുയോജ്യമാണെന്നു തോന്നുന്ന പക്ഷം കൂടുതൽ കൂടിക്കാഴ്ചകൾക്കും കത്തുകൾ അയയ്ക്കുന്നതിനും അനുമതി നൽകുന്നതിന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ കൊറോണ വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ ജയിലുകളിലെ സന്ദർശകരെ പരമാവധി ഒഴിവാക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ മാത്രം തടവുകാരുടെ അടുത്ത ബന്ധുക്കൾക്ക് മാത്രമായി സന്ദർശകരെ നിജപ്പെടുത്തേണ്ടതും, ടെലഫോൺ മുഖാന്തിരമുള്ള ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ പരമാവധി നൽകേണ്ടതുമാണ്. ടി വിവരം ഉൾപ്പെടുത്തികൊണ്ടുള്ള നോട്ടീസ് ബോർഡ് ജയിൽ സ്ഥാപനത്തിനു മുമ്പിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

കോവിഡ്-19 വ്യാപനം രൂക്ഷമാകുന്നതുകാരണം അന്തേവാസികളുടെ വീട്ടുകാരുമായുള്ള കൂടിക്കാഴ്ച (physical interview) നടത്താൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ പകരം സംവിധാനമെന്ന നിലവിൽ വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം ജയിലുകളിലെ അന്തേവാസികളുടെ കൂടിക്കാഴ്ച അനുവദിക്കാവുന്നതാണ്. ഇപ്പോൾ ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം ഉപയോഗിച്ച് കോടതികളുമായുള്ള വീഡിയോ കോൺഫറൻസിംഗ് നടത്തി വരുന്നുണ്ട്. ടി സംവിധാനം അന്തേവാസികളുടെ കൂടുക്കാഴ്ചകൂടി ഉപയോഗിക്കുന്നത കോടതിയുമായുള്ള വീഡിയോ കോൺഫറൻസിംഗിനെ ബാധിക്കുമെന്നതിനാൽ മൊബൈൽ, ടാബ് മുതലായ ഉപകരണങ്ങളുടെ സഹായത്തോടെ വാട്സ്ആപ്പ് പോലുള്ള ആപ്ലിക്കേഷൻ ഉപയോഗിച്ച് കൂടിക്കാഴ്ച ചുവടെചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി പരീക്ഷണാടിസ്ഥാനത്തിൽ 3 മാസത്തേയ്ക്ക് നടപ്പാക്കാൻ ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നു.

1) ഒരു അന്തേവാസിക്ക് രണ്ട് പേരുകൾ വീഡിയോ വഴിയുള്ള കൂടിക്കാഴ്ചയ്ക്കായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ രണ്ടുപേർ അടുത്ത ബന്ധുക്കളായ അച്ഛൻ - അമ്മ, ഭാര്യ - ഭർത്താവ്, മകൻ - മകൾ, സഹോദരൻ - സഹോദരി, മരുമകൻ - മരുമകൾ, എന്നിവരിൽ മാത്രമായി നിജപ്പെടുത്താവുന്നതാണ്.

2) പരമാവധി 5 മിനിട്ടുള്ള ഒരു വീഡിയോ കോൾ ആഴ്ചയിൽ ഒന്ന് എന്ന കണക്കിൽ അനുവദിക്കാവുന്നതാണ്.

3) വീഡിയോ കോൾ ചെയ്യുന്നതിനായി അന്തേവാസി തലേ ദിവസം തന്നെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4) രജിസ്റ്റർ ചെയ്യപ്പെടുന്ന നമ്പരുകൾ മുകളിൽ പറഞ്ഞ ബന്ധുത്വമുള്ളവരാണ് എന്നും ടിയാൾമാർ മാത്രമേ വീഡിയോ കോളിൽ പങ്കെടുക്കുന്നുള്ളൂ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

5) അന്തേവാസികളിൽ നിന്നും ടിയാൻമാർ നൽകുന്ന ബന്ധുവിനോട് മാത്രമേ സംസാരിക്കുകയുള്ളൂ എന്ന് സത്യവാങ്മൂലം എഴുതിവാങ്ങേണ്ടതും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ ടി സൗകര്യം റദ്ദ് ചെയ്യേണ്ടതുമാണ്.

6) വീഡിയോകോൾ ചെയ്യിക്കുന്നതിനായി വെൽഫെയർ ഓഫീസറുടെ ഉത്തരവാദിത്തത്തിൽ ഒരു ഉദ്യോഗസ്ഥന് പൂർണ്ണചുമതല നൽകേണ്ടതാണ്. വീഡിയോ കോളിന് അനുവദിച്ചിട്ടുള്ള സമയമൊഴികെ ടി മൊബൈൽ /ടാബ് സുരക്ഷിതമായി ടിയാൻ പൂട്ടി സൂക്ഷിക്കേണ്ടതാണ്.

7) വീഡിയോകോൾ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്ററിൽ, വീഡിയോ കോളിനായി അനുവദിച്ചിട്ടുള്ള മൊബൈൽ/ടാബിൻറെ IMEL no., Mobile No., Sim card no. എന്നിവയും ഓരോ ദിവസത്തെ കോളിൻറെ വിശദവിരങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്റർ വെൽഫെയർ ഓഫീസർ, സൂപ്രണ്ട് എന്നിവർ ദൈനംദിനം പരിശോധയ്ക്ക് വിധേയമാക്കേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖലാ ഡി.ഐ.ജി.മാർക്ക്